**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 655** **13-01-2021 - ല്‍ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവര്‍ത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ റ്റി . വി. രാജേഷ്,<br>ശ്രീ. വി. അബ്ദുറഹിമാന്‍,<br>ശ്രീ . വി കെ പ്രശാന്ത്,<br>ശ്രീ. പി.വി.അന്‍വര്‍ | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര അവഗണനയുടെയും സാമ്പത്തിക പ്രതിസന്ധിയുടെയും സാഹചര്യത്തില്‍ സംസ്ഥാന വികസനത്തില്‍ നിര്‍ണായക പ്രാധാന്യമുള്ളകേരള ബാങ്കിന്റെ പ്രവര്‍ത്തനത്തെക്കുറിച്ച് അറിയിക്കാമോ; | (എ) | സഹകരണ മേഖലയിലെ ആദ്യത്തെ ഷെഡ്യൂള്‍ഡ് ബാങ്കാണ് കേരള സംസ്ഥാന സഹകരണ ബാങ്ക്. 13 ജില്ലാ സഹകരണ ബാങ്കുകള്‍ 29-11-2019-ല്‍ കേരള സംസ്ഥാന സഹകരണ ബാങ്കില്‍ ലയിച്ചതോടുകൂടി ഷെഡ്യൂള്‍ഡ് സ്റ്റാറ്റസുള്ള 769 ശാഖകളോടെ കേരളത്തിന്റെ മുഴുവന്‍ പ്രദേശങ്ങളിലും കേരള ബാങ്കിന്റെ പ്രവര്‍ത്തനം എത്തിക്കുവാന്‍ സാധിച്ചു. 3 tier structure-ല്‍ നിന്നും 2 tier structure-ലേക്ക് മാറിയപ്പോള്‍ വിവിധ വായ്പാ പദ്ധതികളില്‍ ultimate borrowerക്ക് 1% വരെ പലിശയില്‍ കുറവു നല്‍കാന്‍ സാധിച്ചിട്ടുണ്ട്. 1600 ഓളം പ്രാഥമിക കാര്‍ഷിക സഹകരണ സംഘങ്ങളും അവയുടെ ശാഖകളും കൂടി ചേര്‍ന്ന് സഹകരണ മേഖലയില്‍ ഏകദേശം 5300 touch points ലഭ്യമാകുന്നതാണ്. കേരള ബാങ്കില്‍ ആധുനിക ബാങ്കിംഗ് സാങ്കേതിക വിദ്യകള്‍ നടപ്പില്‍ വരുത്തുന്നതോടുകൂടി സര്‍ക്കാരിന്റെ എല്ലാവിധ വികസന പ്രവര്‍ത്തനങ്ങളിലും നിര്‍ണ്ണായക പങ്ക് വഹിക്കുവാന്‍ സാധിക്കും. |
| (ബി) | കേരള ബാങ്കില്‍ പങ്കാളിയാകാതെ മാറിനില്‍ക്കുന്ന മലപ്പുറം ജില്ലാ സഹകരണ ബാങ്കിന്റെ നിലപാട് ആ ജില്ലയ്ക്കുണ്ടാക്കാനിടയുള്ള നഷ്ടം കണക്കിലെടുത്ത് എന്തുനടപടി സ്വീകരിക്കാന്‍ കഴിയുമെന്ന് അറിയിക്കാമോ; | (ബി) | മലപ്പുറം ജില്ലയിലും കേരള ബാങ്കിന്റെ സേവനങ്ങള്‍ ലഭ്യമാക്കുക എന്ന സര്‍ക്കാര്‍ ലക്ഷ്യം മുന്‍ നിര്‍ത്തി മലപ്പുറം ജില്ലാ സഹകരണ ബാങ്കിനെ സംസ്ഥാന സഹകരണ ബാങ്കില്‍ ലയിപ്പിക്കുന്നതിനായി കേരള സഹകരണ (ഭേദഗതി) ഓര്‍ഡിനന്‍സ് 16/2020-ലെ വ്യവസ്ഥകള്‍ പ്രകാരം നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഈ വിഷയത്തിലുണ്ടായ കോടതി കേസ് മൂലം നടപടി പൂര്‍ത്തീകരിക്കാന്‍ ആയിട്ടില്ല. മലപ്പുറം ജില്ലയിലുള്ള പ്രൈമറി അഗ്രികള്‍ച്ചറല്‍ കോ-ഓപ്പറേറ്റീവ് സൊസൈറ്റികള്‍ (PACS) കേരള ബാങ്കില്‍ അംഗത്വമെടുക്കുന്ന മുറയ്ക്ക്, സംഘങ്ങള്‍ക്ക് ധനസഹായം നല്‍കാന്‍ കഴിയും. |

| | | | |
|---|---|---|---|
| (സി) | കേന്ദ്ര സർക്കാർ എസ്.ബി.റ്റി. ഇല്ലാതാക്കിയതുകൂടി കണക്കിലെടുത്ത് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തി കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റാൻ പരിപാടിയുണ്ടോ; | (സി) | 13 ജില്ലാ സഹകരണ ബാങ്കുകളെ കേരള ബാങ്കിൽ ലയിപ്പിച്ച് കേരള ബാങ്ക് നിലവിൽ വന്നതോടു കൂടി സംസ്ഥാനത്തെ രണ്ടാമത്തെ ഏറ്റവും വലിയ ബാങ്കായി കേരള ബാങ്ക് മാറിയിട്ടുണ്ട്. ഏകീകൃത സോഫ്റ്റ് വെയർ സമ്പ്രദായം നടപ്പിലാക്കൽ, സമൂഹത്തിലെ എല്ലാ ജനവിഭാഗത്തെയും ഉൾക്കൊള്ളുന്ന പ്രാഥമിക സർവ്വീസ് സഹകരണ സംഘങ്ങളുടെ ശൃംഖലയിലൂടെ അത്യാധുനിക ഡിജിറ്റൽ സേവനങ്ങൾ ജനങ്ങളിൽ എത്തിക്കൽ എന്നിവ പ്രായോഗികമാക്കുന്നതോടൊപ്പം എല്ലാ വിഭാഗം ജനതയെയും കേരള ബാങ്കിന്റെ ഭാഗഭാക്കാക്കുക വഴി കേരള ബാങ്കിനെ സംസ്ഥാനത്തെ ഒന്നാമത്തെ ബാങ്കാക്കി മാറ്റാനുള്ള പദ്ധതികളാണ് കേരള ബാങ്കും സംസ്ഥാന ഗവൺമെന്റും വിഭാവനം ചെയ്യുന്നത്. |
| (ഡി) | സംസ്ഥാനത്തെ സഹകരണസംഘങ്ങളുടെ നവീകരണത്തിന് കേരള ബാങ്കിന്റെ രൂപീകരണം സഹായകരമാകുമോ എന്നറിയിക്കാമോ? | (ഡി) | 1. ത്രിതല സംവിധാനം ദ്വിതല സംവിധാനത്തിലേക്ക് മാറിയപ്പോൾ ഇടത്തട്ടു മാർജിൻ ഒഴിവായതിനാൽ കാർഷിക വായ്പയ്ക്ക് 1 % പലിശ കുറയ്ക്കുവാൻ സാധിച്ചിട്ടുണ്ട്. 2. കേരള ബാങ്കിൽ PACS-ന്റെ വികസനത്തിന് മാത്രമായി ഒരു പ്രത്യേക ഡിപ്പാർട്ട്മെന്റ് (PACS Development Cell) പ്രവർത്തിച്ചു വരുന്നുണ്ട്. 3. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ അടുത്ത 3 വർഷം കൊണ്ട് കേരളത്തിലെ 600 ഓളം PACS നെ ബഹുമുഖ സേവന കേന്ദ്രങ്ങൾ (Multi Service Center) ആക്കി മാറ്റുന്ന പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. 4. കേരളത്തിലെ PACS കളിൽ കോമൺ സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനും കേരള ബാങ്ക് നൽകുന്ന എല്ലാവിധ ആധുനിക ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങളും PACS–ന്റെ ഇടപാടുകാർക്കും ലഭ്യമാക്കുക എന്നതാണ് കേരള ബാങ്ക് ലക്ഷ്യമാക്കുന്നത്. 5. PACS-ന്റെ അടിസ്ഥാന വികസനത്തിനാവശ്യമായ കുറഞ്ഞ നിരക്കിലുള്ള വായ്പാ പദ്ധതി ആവിഷ്കരിച്ചു നടപ്പിലാക്കുന്നു. 6. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ബാങ്കിന്റെ ഹെഡാഫീസിൽ കേരള ബാങ്കിന്റെയും PACS-ന്റെയും ബിസിനസ് വളർച്ചയ്ക്കും പുതിയ പ്രോജക്ടുകൾ വികസിപ്പിച്ചെടുക്കുന്നതിനുമുള്ള (Business Development & Product Innovation Cell (BDPI) നടപടികൾ ആരംഭിച്ചു കഴിഞ്ഞു. 7. കേരളത്തിലെ നഷ്ടത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ PACS കളെയും കണ്ടെത്തി അവയുടെ ശക്തിയും, ദൗർബല്യവും, സാദ്ധ്യതയും, വെല്ലുവിളികളും (SWOT Analaysis) കണക്കിലെടുത്ത് വികസന കർമ്മപരിപാടികൾ തയ്യാറാക്കി ഘട്ടംഘട്ടമായി |

| | | | |
|---|---|---|---|
| | | | ലാഭത്തിലേക്ക് കൊണ്ടു വരുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ